13

# യേശുവിന്റെ പരീക്ഷണം

## മത്തായി 4:1-11 ന്റെ, കൂടുതൽ വ്യക്തമായ കാഴ്ച്ചപ്പാട്

ക്രിസ്തു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു തൊട്ടു മുൻപു, അവന്റെ പരീക്ഷണത്തിലെ[1] ഉയർന്ന പോരാട്ടത്തിൽ അവൻ തന്റെ ശത്രുവിനെ നേരിട്ടു. ദുഷ്ടൻ തന്റെ സകല ശക്തിയോടും തീഷ്ണതയോടും കൂടെ അവന്റെ മുമ്പിൽ പ്രത്യക്ഷനായി. അത്തരം ഒരു ആക്രമണം അതിനു മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല, ഇനി ഒരിക്കലും അത്തരത്തിലൊന്ന് ഉണ്ടാവുകയുമില്ല. യേശുവിന്റെ[2] പരീക്ഷണത്തെ കുറിച്ചുള്ളതാണ് ഈ പഠനം.

പശ്ചാത്തലത്തിലൂടെ പരീക്ഷണത്തിന്റെ മൂന്നു വശങ്ങളെ നാം ഉയർത്തിക്കാണിക്കേണ്ടതുണ്ട്. നാം പരിഗണിക്കുന്നത് ...

(1) *സ്ഥലം*: സംഭവം നടന്നത് മരുഭൂമിയിലായിരുന്നു. യുദ്ധത്തിനായി തിരഞ്ഞെടുത്ത സ്ഥലം മനുഷ്യ സഹതാപം[3] ചെന്നെത്താത്ത ഒരു ഒറ്റപ്പെട്ട സ്ഥലമായിരുന്നു. പുറമെയുള്ള കെണികൾ ഇല്ലാതെ പരീക്ഷണമനോഭാവം മാത്രം അവിടെ നിലനിൽക്കുന്നു. ആദാം പാപം ചെയ്തു ഒരു തോട്ടത്തെ മരുഭൂമിയാക്കി, എന്നാൽ യേശു പാപത്തെ പ്രതിരോധിച്ചുകൊണ്ട് മരുഭൂമിയെ തോട്ടമാക്കി മാറ്റി എന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

(2) *എതിരാളികൾ*: ആദ്യം, സ്നാനം ഏറ്റു പുതുക്കത്തോടെ, യേശു ഉണ്ടായിരുന്നു, ദൈവം തന്റെ പുത്രനായി അവനെ അംഗീകരിച്ച സമയ മായിരുന്നു അത്. അവൻ വെള്ളത്തിൽനിന്നു കയറി തന്റെ വ്യക്തി പരമായ ശുശ്രൂഷ തുടങ്ങുവാൻ തയ്യാറായിരിക്കയാണ്. അപ്പോഴാണ്, പിശാചിനെ അവിടെ കണ്ടത്. മരുഭൂമിയുടെ അനുഭവത്തിൽ, യേശു അഭിമുഖീകരിച്ചത് ഇരുട്ടിന്റെ അധികാരിയും, ആകാശത്തിലെ പ്രഭുവും, ഈ ലോകത്തിന്റെ ദൈവവുമായ സാത്താനെയാണ് (2 കൊരിന്ത്യർ 4:4; എഫെസ്യർ 2:2; 6:12).

(3) *പ്രാധാന്യം*: ആ ഏറ്റുമുട്ടൽ യാദൃശ്ചികമായിരുന്നില്ല; അതു "വെറുതെ സംഭവിച്ചതുമല്ല." മത്തായി 4:1 പറയുന്നു, "അനന്തരം യേശു പിശാചിനാൽ പരീക്ഷിക്കപ്പെടേണ്ടതിന്നു *ആത്മാവു അവനെ* മരുഭൂമി യിലേക്കു *നടത്തി.*'' (എംഫസിസ് മൈൻ.) ഒരു ദൈവിക പദ്ധതി നിറവേറപ്പെട്ടു. ഒരുപക്ഷെ ആ മൽസരത്തിനു പിശാച് നേരെവരേണ്ടി യിരുന്നു എന്ന വസ്തുതയേക്കാൾ മറ്റൊന്നിനും ഇതു തെളിയിക്കുവാൻ കഴിയുകയില്ല. അത്തരത്തിലല്ല സാത്താൻ ആക്രമിക്കുവാൻ താല്പര്യപ്പെടുന്നത്. ഏതെങ്കിലും പകരക്കാരനെ ഉപയോഗിച്ച്, രംഗത്തിനു പുറകിൽ നിന്നു പ്രവർത്തിക്കുവാനാണ് അവനിഷ്ടപ്പെടുന്നത്. എങ്ങനെ യായാലും, ദൈവോദ്ദേശം നിറവേറുന്നതിന് അവൻ നിർബ ന്ധമായും യേശുവിനെ മുഖാമുഖമായി അഭിമുഖീകരിക്കേണ്ടിവന്നു.

ഒരു തുറന്ന യുദ്ധത്തിനു പിശാച് നിർബ്ബന്ധിത*നായിരുന്നു* എന്ന വസ്തുതയിൽ നിന്നാണ് പരീക്ഷണത്തെ കുറിച്ചുള്ള പഠനത്തിന്റെ

മൂല്യങ്ങളിലൊന്ന് വരുന്നത്. അതുകൊണ്ട് അവന്റെ രീതികളും ലക്ഷ്യ ങ്ങളും തുറന്നതായിരുന്നു. നാം യേശുവിന്റെ മൂന്നു പരീക്ഷണങ്ങളെ കുറിച്ചു പഠിക്കുമ്പോൾ, സാത്താന്റെ നിഗൂഢതയെ നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ആയിരക്കണക്കിനു വർഷങ്ങളായി അവൻ മനുഷ്യരെ വഞ്ചിച്ചുകൊണ്ടാണിരുന്നത്. ലക്ഷക്കണക്കിനു ആളുകളിൽ പ്രവർത്തിച്ചു നേടിയ പരിചയം ഇപ്പോൾ ക്രിസ്തുവിലാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

### ആദ്യത്തെ പരീക്ഷണം (4:1-4)

ശാരീരിക പരിശോധനയാണ് സാത്താൻ യേശുവിൽ നടത്തിയ ആദ്യ പരീക്ഷണം.

**സാത്താൻ (വാ. 1-3)**

> ... പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു[4] നടത്തി. അവൻ നാല്പതു പകലും നാല്പതു രാവും[5] ഉപവസിച്ചശേഷം, അവന്നു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തു വന്നു ... (വാ. 1–3).

ഒന്നാമത്തെ പരീക്ഷണത്തിൽ സാത്താന്റെ ലക്ഷ്യം യേശുവിനു ദൈവത്തോടുള്ള ഭക്തിയെ പരിശോധിക്കുകയായിരുന്നു. അവൻ യേശുവിനെ വെല്ലുവിളിച്ചു: ''നീ ദൈവപുത്രൻ എങ്കിൽ, ഈ കല്ലു അപ്പമായ്തീരുവാൻ കല്പിക്ക" (വാ. 3). നാല്പതു ദിവസം മുൻപു, സ്വർഗത്തിൽനിന്നു ഒരു ശബ്ദമുണ്ടായി, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്തായി 3:17). ഇപ്പോൾ, അതിനെ തുടർന്നു, പിശാച് പറഞ്ഞത്, "ആ ശബ്ദം പറയുന്നതു സത്യമാണെങ്കിൽ – നീ വാസ്തവത്തിൽ ദൈവത്തിന്റെ പുത്രൻ ആണെങ്കിൽ – പിന്നെ എന്തിനു വിശന്നിരിക്കണം? പ്രയോജനമില്ലാത്ത അധികാരം കൊണ്ട് എന്താണു പയോഗം?" അവൻ മരുഭൂമിയിലെ കല്ല് അപ്പമാക്കിയാൽ അതിലൂടെ അവനു രണ്ടു ലക്ഷ്യങ്ങൾ നിറവേറ്റുവാൻ കഴിയുമെന്നാണ് സാത്താൻ അന്തർലീനമാക്കിയത്: അവന് യുക്തിപരമായ ഒരു ആവശ്യം നിറവേറ്റു വാനും (അവന്റെ വിശപ്പ്), അതേ സമയം, അവന്റെ പുത്രത്വം, തെളിയിക്കുവാനും സാധിക്കും.

യേശുവിന്റെ സ്ഥാനത്തു ഞാനായിരുന്നു എങ്കിൽ, എന്റെ പ്രതികരണം ഒരുപക്ഷെ ഇങ്ങനെ ആയിരിക്കും "പിശാചേ, ഞാൻ നിനക്കു കാണിച്ചു തരാം!'' കല്ലിനെ അപ്പമാക്കുന്ന എന്റെ കഴിവും ഞാൻ അവിടെ പ്രകടിപ്പിക്കുമായിരുന്നു. ഒരു വെല്ലുവിളിയിൽ നിന്നു പിൻമാറുന്നത് എനിക്ക് ഇഷ്ടമല്ല. നിങ്ങളും ഒരുപക്ഷെ അങ്ങനെ ആയിരിക്കാം.

**ക്രിസ്തു (വാ. 4)**

സാത്താന്റെ അടവ്[6] ക്രിസ്തു കണ്ടു. "അവൻ ഉത്തരം പറഞ്ഞു, 'എന്നു എഴുതിയിരിക്കുന്നു'" (വാ. 4). പരീക്ഷണത്തിനെതിരായുള്ള യേശുവിന്റെ ആയുധം ദൈവവചനം ആയിരുന്നു. സങ്കീർത്തന ക്കാരൻ പറഞ്ഞു, "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു, നിന്റെ വചനം എന്റെ

ഹൃദയത്തിൽ ഞാൻ സംഗ്രഹിച്ചിരിക്കുന്നു'' (സങ്കീർത്തനങ്ങൾ 119:11). പരീക്ഷണത്തെ അതിജീവിക്കുവാനുള്ള ഏറ്റവും നല്ല വഴി ഹൃദയത്തിൽ വചനം നിറയ്ക്കുക എന്നതാണ്!

ആ പരീക്ഷണത്തെ എതിർക്കുന്നതിനുള്ള യഥാർത്ഥ വേദഭാഗം ആവർത്തനപുസ്തകം 8:3–ൽ നിന്നുള്ളതാണ്. യേശു ഉദ്ധരിച്ചു, "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു" (വാ.4). ആദ്യം, "മനുഷ്യൻ" എന്ന വാക്ക് അടയാളപ്പെടുത്തുക: ''*മനുഷ്യൻ* അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്. ..." മരുഭൂമിയിലെ നാല്പതു ദിവസം യേശുവിന്റെ ദൈവികത്വത്തെ പരിശോധിക്കുന്നതായിരുന്നില്ല, എന്നാൽ മറിച്ചു അതു അവന്റെ മനുഷ്യത്വത്തെ പരിശോധിക്കുന്നതായിരുന്നു. അവൻ ദൈവം ആയിരുന്നു എന്നു തെളിയിക്കുകയായിരുന്നില്ല അവന്റെ ഉദ്ദേശം, മറിച്ച് ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്നതനുസരിച്ച് ജീവിക്കുന്ന ഒരു പൂർണ്ണമനുഷ്യനായി തന്നെ കാണിക്കുകയായിരുന്നു.

അടുത്തതായി, "അപ്പം" എന്നും "ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും'' എന്നുമുള്ള വാക്കുകൾക്കിടയിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. യേശുവിനു വേണമെങ്കിൽ അപ്പം തിരഞ്ഞെടുക്കാം, അല്ലെങ്കിൽ ദൈവഹിതം തിരഞ്ഞെടുക്കാം. തീർച്ചയായും, ആ അവസരത്തിൽ, അവനു വിശപ്പുണ്ടാകണമെന്നത് ദൈവേഷ്ടമായിരുന്നു – അതുകൊണ്ടു ദൈവഹിതത്തിനുള്ളിൽ തന്നെ ദൃഢമായി നിൽക്കുവാൻ അവനു സാധിച്ചു.

ഒന്നാമത്തെ പരീക്ഷണത്തെ യേശു അതിജീവിച്ചു.

### രണ്ടാമത്തെ പരീക്ഷണം (4:5-7)

രണ്ടാമത്തെ പരീക്ഷണം ഒരു ആത്മിയ പരിശോധന ആയിരുന്നു.

**സാത്താൻ (വാ. 5, 6)**

സാത്താൻ അത്ര പെട്ടെന്നു വിട്ടുപോകയില്ല. അവന്റെ അടുത്ത പരീക്ഷണത്തിനു, അവൻ ശ്രദ്ധയോടെ അതിനുള്ള സ്ഥലം തിരഞ്ഞെടുത്തു. ക്രിസ്തുവിനെ അവൻ യെരുശലേം എന്ന ''വിശുദ്ധനഗരത്തിലേക്ക്,'' കൂട്ടിക്കൊണ്ടുപോയി (വാ. 5), അതു യെഹൂദന്മാർക്കും – യേശുവിനും (സങ്കീർത്തനങ്ങൾ 48:2; 137:5; മത്തായി 23:37) വിലപ്പെട്ട സ്ഥാനമായിരുന്നു. പിന്നെ യേശുവിനെ ദൈവാലയത്തിലേക്കു അവൻ കൊണ്ടുപോയി, അതു ആ പട്ടണത്തിലെ ഏറ്റവും ആദരിക്കപ്പെടുന്ന സ്ഥലമായിരുന്നു. അവസാനം, അവൻ അവനെ ആ കെട്ടിടത്തിന്റെ ഏറ്റവും പ്രധാനസ്ഥാനത്തേക്കു കൊണ്ടുപോയി. വേദഭാഗം പറയുന്നത് അവൻ അവനെ "ദൈവാലയത്തിന്റെ അഗ്രത്തിൽ നിറുത്തി" എന്നാണ് (വാ. 5). ദൈവാലയത്തിനു അഗ്രഭാഗം എന്നു നാം വിളിക്കുന്ന വാസ്തുശില്പ രൂപം ഉണ്ടായിരുന്നില്ല, അതുകൊണ്ടു അവൻ യേശുവിനെ ദൈവാലയത്തിന്റെ ഏറ്റവും മുകൾഭാഗത്തേക്ക് കൊണ്ടു പോയതായിട്ടാകാം അർത്ഥമാക്കുന്നതു, അത് ഒരുപക്ഷെ തെക്കേ അറ്റത്തുമായിരിക്കാം. അവിടെ നിന്നു ഒരാൾക്ക് താഴെയായി ദൈവാലയ കെട്ടിടത്തെയും ദൂരത്തിൽ വ്യാപിച്ചുകിടക്കുന്ന നഗരത്തെയും

വീക്ഷിക്കാം. അതു വളരെ മനോഹര ദൃശ്യം നല്കുന്ന സ്ഥാനമായിരുന്നു.

ആ അഗ്രത്തിൽ യേശുവിന്റെ അടുത്തു നിന്നുകൊണ്ടു, സാത്താൻ അവനോടു പറഞ്ഞു, "നീ ദൈവപുത്രൻ എങ്കിൽ, താഴത്തോട്ടു ചാടുക; 'നിന്നെ കുറിച്ചു അവൻ തന്റെ ദൂതന്മാരോടു കല്പിക്കും'; 'അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം, നിന്നെ കയ്യിൽ താങ്ങിക്കൊള്ളും'" എന്നു, എഴുതിയിരിക്കുന്നുവല്ലൊ (വാ. 6).

പിശാച് ക്രിസ്തുവിന്റെ ദൈവത്തിലുള്ള വിശ്വാസത്തെയാണ് പരിശോധിച്ചത്. മറ്റൊരു വാക്കിൽ, അവൻ പറഞ്ഞത്, "നീ ദൈവത്തിൽ ആശ്രയിക്കുന്നു, അല്ലേ? നമുക്ക് നോക്കാം നീ *എത്രമാത്രം* ദൈവത്തിൽ ആശ്രയിക്കുന്നുണ്ടെന്ന്. ഈ അഗ്രത്തിൽ നിന്നു താഴേക്കു ചാടത്തക്ക വിധത്തിൽ നീ അവനെ വിശ്വസിക്കുന്നുണ്ടോ?" അതിനെ തുടർന്നു, അവൻ യേശുവിനോടു പറഞ്ഞത്, ''നീ തിരുവെഴുത്തിൽ നിന്നും ഉദ്ധരിച്ചു. എനിക്കും തിരുവെഴുത്ത് അറിയാം. ശ്രദ്ധിക്കുക. ..." അവൻ ഉദ്ധരിച്ചത് സങ്കീർത്തനങ്ങൾ 91:11, 12 ആണ്. യഹോവയിലുള്ള തികഞ്ഞ ആശ്രയ ത്തെയാണ് സങ്കീർത്തനങ്ങൾ 91 പറയുന്നത്. ആദ്യ വാക്യം പറയുന്നു, "അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വ ശക്തന്റെ നിഴലിൻകീഴിൽ പാർക്കുകയും ചെയ്യുന്നവൻ."

എത്ര ബുദ്ധിപൂർവ്വമുള്ളതും നിഗൂഢതയുണ്ടായിരുന്നതുമാണ് ആ പരീക്ഷണം! സാഹസവും, ധൈര്യവും ആവശ്യമായ, അപകടകരമായവ നടത്തുന്നതിലും – അത്തരം അസാധാരണമായവ ചെയ്യുവാനുള്ള ശ്രമത്തിലുമാണ് ആശ്രയം കൂടുതൽ തികവോടെ പ്രകടമാകുന്നത് എന്ന് അതു പറയുന്നു.

**ക്രിസ്തു (വാ. 7)**

പിശാച് "ആത്മാവിന്റെ വാൾ" ഓങ്ങുവാൻ ആരംഭിച്ചു (എഫെസ്യർ 6:17), പക്ഷെ താൻ ഏറ്റവും നന്നായി വാളുപയോഗിക്കുന്നവൻ ആണെന്നു യേശു സ്വയം തെളിയിച്ചു. "യേശു അവനോടു പറഞ്ഞു, 'നേരെ മറിച്ചു, ഇങ്ങനെ എഴുതിയിരിക്കുന്നു'" (വാ. 7). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "സാത്താനേ, നീ ഒരു വേദഭാഗം ഉദ്ധരിച്ചിരി ക്കുന്നു, എന്നാൽ തന്നിരിക്കുന്ന വിഷയത്തെ സംബന്ധിച്ച് തിരുവെ ഴുത്തു പറയുന്ന അർത്ഥം അതിലെ ഒറ്റ വാക്യം പോലും നൽകുന്നില്ല. ആ വിഷയത്തെ കുറിച്ചു ബൈബിൾ പറയുന്ന *എല്ലാ* വാക്യങ്ങളും എടുക്കണം." ഒരേ വിഷയത്തെ[7] കുറിച്ചു പറയുന്നതിൽ മറ്റു വേദ ഭാഗങ്ങൾ എടുക്കാതിരിക്കുകയും അവയെ അവഗണിക്കുകയും ചെയ്യു ന്നതുകൊണ്ടു ധാരാളം തെറ്റുകൾക്കിടവന്നിട്ടുണ്ട്.

യേശു പിന്നെ ആവർത്തനപുസ്തകം 6:16–ൽ നിന്നു ഉദ്ധരിച്ചു: "നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത്'' (വാ. 7). ക്രിസ്തുവിന്റെ മറുപടി തെറ്റിദ്ധരിക്കരുത്. അവൻ തന്നെ ദൈവമായി സൂചിപ്പിച്ചുകൊണ്ടല്ല ഇങ്ങനെ പറഞ്ഞത്, "*എന്നെ* പരീക്ഷിക്കുന്നത് തെറ്റാണ്." (അവൻ ആ പരീക്ഷണങ്ങളെ നേരിട്ടത് തന്റെ പൂർണ്ണ മനുഷ്യത്വം കൊണ്ടാണ്, അല്ലാതെ ദൈവീകത്വം കൊണ്ടല്ല എന്നത് ഓർക്കുക.) മറിച്ച്, അവൻ പറഞ്ഞത് *ദൈവത്തെ* പരീക്ഷിക്കുന്നത് തെറ്റാണ് എന്നാണ്.

സാത്താൻ പറഞ്ഞത് ദൈവാലയത്തിൽ നിന്നു ചാടുന്നത് യേശു ദൈവത്തിൽ *ആശ്രയിച്ചിരുന്നതിനെ* കാണിക്കുന്നു എന്നാണ്; യേശു

പറഞ്ഞത് അതു അവൻ ദൈവത്തെ *പരീക്ഷിക്കുന്ന*തിനെയാണ് സൂചിപ്പിക്കുന്നത് എന്നാണ്. വാസ്തവത്തിൽ, പിശാച് ദൈവത്തിൽ ആശ്രയിച്ചിരു*ന്നില്ല* എന്നാണ് അതു കാണിക്കുന്നത്. നമുക്കൊരു വ്യക്തിയിൽ പൂർണ്ണ വിശ്വാസം ഉണ്ടെങ്കിൽ, അവനെ അല്ലെങ്കിൽ അവളെ നമുക്ക് പരീക്ഷിച്ചുനോക്കേണ്ട ആവശ്യമില്ല. നമുക്കൊരു വ്യക്തിയിലുള്ള വിശ്വാസം നഷ്ടപ്പെടുമ്പോൾ മാത്രമാണ് അത് പരിശോധിക്കേണ്ട ആവശ്യം വരുന്നത്.

ജീവിതത്തിൽ എന്തുനേരിട്ടാലും സഹായത്തിനായി അവനിൽ നമ്മെ അർപ്പിക്കുന്നതിലാണ് ദൈവത്തിലുള്ള ആശ്രയം പ്രകടമാകുന്നത്. അതു പ്രകടമാകുന്നത് നാം അവനു നേരിടുവാൻ[8] വേണ്ടി ഒരുക്കുന്ന കൃത്രിമമായ പരിശോധനകളി*ലല്ല*.

ഒരിക്കൽ കൂടെ, ഏകതത്വത്താൽ നയിക്കപ്പെടുന്ന ഒരു മനുഷ്യനാണ് താനെന്ന് യേശു കാണിച്ചു: അവൻ ദൈവേഷ്ടത്തിൽ തന്നെ നിൽക്കുവാൻ തീരുമാനിച്ചു. അവൻ രണ്ടാമത്തെ പരീക്ഷണവും അതി ജീവിച്ചു.

### മൂന്നാമത്തെ പരീക്ഷണം (4:8-10)

ഏറ്റവും നിർണ്ണായകമായതായിരുന്നു മൂന്നാമത്തെ പരീക്ഷണം, കാരണം അത് യേശുവിന്റെ ദൗത്യത്തെ പരിശോധിക്കുന്നതായിരുന്നു – അല്ലെങ്കിൽ, ഏറ്റവും കൃത്യമായി പറഞ്ഞാൽ, എന്തു വില കൊടുത്തും തന്റെ ദൗത്യത്തിനുവേണ്ടി നിലകൊള്ളുന്ന യേശുവിന്റെ ഉറച്ച തീരുമാനത്തെ പരിശോധിക്കുന്നതായിരുന്നു. ദാസനെ നശിപ്പിക്കുവാൻ കഴിയാതിരുന്നതിനാൽ, സാത്താൻ അവന്റെ സേവനത്തെ നശിപ്പിക്കുവാൻ ശ്രമിക്കും.

**സാത്താൻ (വാ. 8, 9)**

ഈ പരീക്ഷണം എല്ലാറ്റിലുംവെച്ചു കടുപ്പമുള്ളതും സാഹസികവുമായ ഒന്നായിരുന്നു. ആദ്യത്തെ രണ്ടു പരീക്ഷണങ്ങളിൽ, യേശു പിശാചിന്റെ തെറ്റായ മുഖംമൂടി നീക്കി അവന്റെ വാസ്തവത്തിലുള്ള ലക്ഷ്യങ്ങൾ പുറത്തുകൊണ്ടുവന്നു. മൂന്നാമത്തെ പരീക്ഷണത്തിൽ, സാത്താൻ തന്റെ എല്ലാ മുഖംമൂടികളും ഉപേക്ഷിച്ച് മറ്റു തന്ത്രങ്ങൾ ഉപയോഗിക്കുന്നതു അവസാനിപ്പിച്ചു. അവൻ നേരിട്ട്, ബോധപൂർവ്വം, ക്രിസ്തുവിന്റെ ആദരവിനെ വെല്ലുവിളിച്ചു.

"പിന്നെ, പിശാച് അവനെ ഏറ്റവും ഉയർന്നൊരു മലമേൽ[9] കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വങ്ങളെയും കാണിച്ചു" (വാ. 8) ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും, മുൻപുള്ളതും ഇപ്പോഴുള്ളതുമായ എല്ലാ സാമ്രാജ്യങ്ങളുടെയും മഹത്വം ഒന്ന് ഊഹിച്ചുനോക്കുക: വലിയ റോമാ സാമ്രാജ്യം, ഗ്രീക്ക്, പേർഷ്യ, ബാബേൽ, അശൂര്യ, മിസ്രയീം, ദാവീദിന്റെയും ശലോമോന്റേയും രാജ്യം – രാജ്യങ്ങളായ ബിഥുന്യയും സെറിയയും, അതോടൊപ്പം കണ്ടെത്താത്ത ദേശങ്ങളിലെ എല്ലാ രാജ്യങ്ങളെയും കുറിച്ചോർക്കേണ്ടതില്ല! ആ എല്ലാ രാജ്യങ്ങളും യേശുവിന്റെ കൺമുൻ പിലേക്ക് കടന്നുവന്നു.

എന്നിട്ട് സാത്താൻ പറഞ്ഞു, "വീണു എന്നെ നമസ്ക്കരിച്ചാൽ, ഇതൊക്കെയും നിനക്കു തരാം" (വാ. 9). സൂചന എന്തെന്നാൽ അവയെല്ലാം

നൽകുന്നതിന് പിശാചിന് അധികാരമുണ്ട് എന്നാണ് (ലൂക്കൊസ് 4:6 നോക്കുക) – യേശു അതിനെ നിഷേധിച്ചതുമില്ല. ആ വാഗ്ദാനം വാസ്തവത്തിലുള്ളതല്ലായിരുന്നുവെങ്കിൽ,[10] പിന്നെ പരീക്ഷണം ഉണ്ടാകുമായിരുന്നില്ല. യേശുവിന്റെ കാലത്ത്, ഇന്നത്തേതു പോലെ തന്നെ: സാത്താൻ തന്നെയാണ് ലോകരാജ്യങ്ങൾ കൈവശമാക്കിയിരുന്നത്. അവന്റെ ആവശ്യങ്ങൾക്കു അവ കീഴ്പ്പെട്ടിരിക്കുന്നു; അവയെല്ലാം അവന്റെ കല്പനകളെ അനുസരിക്കുന്നു; അവയെല്ലാം അവന്റെ ഇഷ്ടത്താൽ നിയന്ത്രിച്ചു നയിക്കപ്പെടുന്നതായിരുന്നു. യേശു പിന്നീട് അവനെ വിളിച്ചത് ''ഈ ലോകത്തിന്റെ പ്രഭു'' എന്നാണ് (യോഹന്നാൻ 12:31).[11]

ഈ പരീക്ഷണം യേശുവിന്റെ ദൗത്യപരിശോധന ആയിരുന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നുവല്ലൊ. സാത്താൻ പറഞ്ഞത് കഷ്ടതയും മരണവും[12] കൂടാതെ ക്രിസ്തുവിന് *ഏതാണ്ട്* അതേ അന്തിമസ്ഥാനം കൈവരിക്കുവാൻ കഴിയുമെന്നാണ്. ദൈവീകമായ അന്തിമ സ്ഥാനത്തിന് അവൻ ഒരു കുറുക്കുവഴി മുന്നോട്ടുവയ്ക്കുകയായിരുന്നു. മരിക്കുന്നതിനെക്കാൾ മുട്ടുമടക്കുക എന്നത് എത്ര നിസ്സാരമായിരിക്കും!

പരീക്ഷണം സാത്താന്റെ കപടമനസ്സിനു സാധിക്കുന്നതിനേക്കാൾ കൂടുതൽ യേശുവിന് ആഴത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിരിക്കാം. ക്രിസ്തുവിന് വരുവാനിരിക്കുന്ന കുഴപ്പങ്ങൾ മനസ്സിലാക്കുവാൻ, ഗദ്ശെമന തോട്ടത്തിൽ വെച്ചു, അവന്റെ മുഖത്തു നിന്ന് വിയർപ്പ് ഒഴുകുന്ന, തന്റെ ഹൃദയം പിതാവിന് ഏൽപ്പിച്ചു കൊടുക്കുന്ന ചിത്രം ഓർത്തുനോക്കുക: ''പിതാവേ, കഴിയുമെങ്കിൽ, ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങി പോകേണമേ'' (മത്തായി 26:39) ക്രൂശിൽ, അവൻ നിലവിളിക്കുന്നത് കാണുക, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" (27:46). അത് വാസ്തവത്തിലുള്ള പരീക്ഷണമായിരുന്നു എന്നത് സംശയിക്കരുത്.

കടന്നുപോകുമ്പോൾ, സാത്താന്റെ ക്രിസ്തുവിനെ കുറിച്ചുള്ള വിലയിരുത്തൽ നോക്കുക. താൻ നേടിയ എല്ലാ രാജ്യങ്ങളെക്കാളും യേശുവിന് വിലയുള്ളതായി പിശാച് അവനെകുറിച്ചു ചിന്തിച്ചു. യേശുവിന്റെ മരണം എല്ലാറ്റിനും മതിയായതാണെന്ന് ചിലർ വിശ്വസി ക്കുന്നില്ല, എന്നാൽ പിശാച് അവന്റെ യഥാർത്ഥ വില മനസ്സിലാക്കി.

### ക്രിസ്തു (വാ. 10)

പിശാചിനോടുള്ള യേശുവിന്റെ ഉത്തരത്തിൽ, ആദ്യമായി തന്റേ തായ അധികാരത്തിന്റെ ഭാഷയിലാണ് അവൻ സംസാരിച്ചത്. ആ അധികാരം അവൻ ആർജ്ജിച്ചെടുത്തത് മുൻപിലത്തെ ആക്രമണങ്ങളെ വിജയിച്ചുകൊണ്ടാണ്.

ക്രിസ്തു ആദ്യമായി പരീക്ഷകനോട് പരുഷമായി തന്നെ കൽപിച്ചു: "സാത്താനേ, എന്നെ വിട്ടുപോ!" (വാ. 10). യേശു ആവർത്തന പുസ്തകം 6:13–ൽ നിന്നു ഉദ്ധരിച്ചുകൊണ്ട്, പിന്നെയും ആത്മാവിന്റെ വാൾ ഉപയോഗിച്ചു: "'നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു, അവനെ മാത്രമേ ആരാധിക്കാവൂ,' എന്നു എഴുതിയിരിക്കുന്നുവല്ലൊ" (വാ. 10). ആ പരീക്ഷണത്തിന്റെ നിഗൂഢസ്വഭാവത്തെ ക്രിസ്തുവിന്റെ വാക്കുകൾ പുറത്തുകൊണ്ടുവരുന്നു. പിശാച്, അതിനെ തുടർന്നു, പറഞ്ഞു, ''നീ എന്നെ വീണു നമസ്കരിച്ചാൽ *നിന്നെ* ഞാൻ ഈ

രാജ്യങ്ങളുടെയെല്ലാം യജമാനനാക്കും.'' *നമസ്കാരവും സേവനവും* വേർപെടുത്താനാവാത്തതാണെന്ന് ക്രിസ്തു ചൂണ്ടിക്കാട്ടി. അവന്റെ ദാസൻ ആകാതെ അവന് സാത്താനെ നമസ്കരിക്കുവാൻ സാധ്യമല്ല. സാത്താൻ അവനെ ലോകരാജ്യങ്ങളെ ഭരിക്കുന്ന ഒരു ജീവനില്ലാത്ത ഭരണാധികാരിയാക്കുമായിരിക്കാം, എന്നാൽ വാസ്തവത്തിൽ അവൻ ഒന്നും നേടുകയില്ല. അപ്പോഴും സാത്താൻ തന്നെയാണ് നിയന്ത്രിക്കുക.

വീണ്ടും, യേശു തന്റെ പിതാവിന്റെ ഇഷ്ടത്തിൽ തന്നെ നിന്നു. അവൻ ക്രൂശിലേക്കു പോയി തന്റെ രാജ്യം സ്ഥാപിക്കുവാൻ തയ്യാറായിരുന്നു.

സാത്താൻ നല്കുന്ന പ്രതിഫലങ്ങളെക്കാൾ ദൈവത്തിന്റേത് നിത്യമാണ് എന്ന് ക്രിസ്തുവിന്റെ ഉത്തരം വ്യക്തമാക്കുന്നു. സാത്താന് അവന്റെ പ്രതിഫലങ്ങൾ ശ്രേഷ്ഠമെന്നു *കാണിക്കുവാൻ* കഴിയും – അതു അവൻ ലോകരാജ്യങ്ങളുടെ മഹത്വം ദൃശ്യമാക്കി ബോധ്യപ്പെടു ത്തികൊടുത്തതു പോലെയാണ്. പരീക്ഷണത്തെ ലൂക്കൊസ് തന്റെ വിവരണത്തിൽ വിശദമായി വെളിപ്പെടുത്തുന്നുണ്ട്: പിശാച് ആ രാജ്യങ്ങളെയെല്ലാം യേശുവിന്ന് "ഒരു നിമിഷത്തിനുള്ളിൽ" കാണിച്ചു കൊടുത്തു (ലൂക്കൊസ് 4:5). ആ രാജ്യങ്ങളെ അതിൽ കൂടുതൽ സമയം കാണിക്കുന്നത് അവയെ അൽപം മാത്രം വിലയുള്ളതോ അല്ലെങ്കിൽ വില ഇല്ലാത്തതോ ആക്കി കാണിക്കുമായിരുന്നു. അവയുടെ മഹത്വം ചെമ്പിന്റേതായിരുന്നു,[13] അല്ലാതെ പൊന്നിന്റേ തായിരുന്നില്ല. യോഹന്നാൻ പറഞ്ഞതു പോലെ, ''ലോകവും അതിന്റെ മോഹവും, ഒഴിഞ്ഞു പോകും" (1 യോഹന്നാൻ 2:17).

### ഉപസംഹാരം (4:11)

യേശുവിന്റെ ഉത്തരത്തിനും ശാസനക്കുംശേഷം, പിശാച് ശാന്ത നായിരുന്നു – അത് അവന്റെ പരാജയ സൂചന നൽകുന്നു. വാ. 11 പറയുന്നു, "പിന്നെ പിശാച് അവനെ വിട്ടുപോയി. ..." വർഷങ്ങൾ ക്കുമുൻപ്, റ്റി.ബി. ലാരിമോർ പരീക്ഷണത്തെ കുറിച്ചു പ്രസംഗിച്ചു. അവന്റെ വിവരണം യാഥാർത്ഥ്യം പോലെ തോന്നുന്നതായിരുന്നതി നാൽ "പിശാച് അവനെ വിട്ടുപോയി'' എന്നു അവൻ പറഞ്ഞപ്പോൾ, സദസ്യർ ഒന്നിച്ചു ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

എങ്ങനെയായാലും, ലൂക്കൊസിന്റെ വിവരണം കൂട്ടി ചേർക്കു ന്നത്, "അങ്ങനെ പിശാച് സകല പരീക്ഷയും തികച്ചശേഷം, കുറെ *കാലത്തേക്ക്* അവനെ വിട്ടുമാറി" എന്നാണ് (ലൂക്കൊസ് 4:13; എംഫസിസ് മൈൻ). നമ്മുടെ പഠനം തുടരുമ്പോൾ, സാത്താൻ എങ്ങനെ ക്രിസ്തുവിൽ അവന്റെ പരീക്ഷണശ്രമം തുടരുന്നുവെന്ന് കാണാം: പുരുഷാരം അവനെ ഒരു ഭൗമിക രാജാവാക്കുവാൻ ശ്രമിച്ചു (യോഹ ന്നാൻ 6:15); ആളുകൾ നിരന്തരമായി അടയാളം അവനോടു ചോദിച്ചു (ലൂക്കൊസ് 11:29); അവന്റെ ശിഷ്യന്മാരിൽ ഒരാൾ അവനെ ക്രൂശി ലേക്കു പോകുന്നതിൽനിന്നു തടയുവാൻപോലും ശ്രമിച്ചു (മത്തായി 16:21–23). എന്നിരുന്നാലും, അന്നുമുതൽ, യേശു പിശാചിനോടും അവന്റെ ദൂതന്മാരോടും താൻ ദാസന്മാരുടെ യജമാന നാണെന്നു പറഞ്ഞു. അവൻ വിജയിക്കുക തന്നെ ചെയ്തു.

ക്രിസ്തു മരുഭൂമിയിൽ നിന്നു വന്നത് തന്റെ പരസ്യശുശ്രൂഷക്കുള്ള ഒരുക്കത്തോടെയാണ്. ലൂക്കൊസ് 4:14 നമ്മോടു പറയുന്നു "ആത്മാവിന്റെ ശക്തിയോടെ യേശു ഗലീലിയിലേക്കു മടങ്ങിവന്നു." അതു പോലെ അവൻ

തന്റെ പരീക്ഷണത്തിൽ നിന്ന് വന്നത് ക്രൂശിക്കപ്പെടേണ്ട ഒരുക്കത്തോടെയുമാണ്. അവൻ പാപമില്ലാത്ത ദൈവപുത്രനായി തുടർന്നു, അതായത് "നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാട്" (1 പത്രൊസ് 1:19).

പരീക്ഷണസംഭവത്തിൽ നമുക്കുവേണ്ട ധാരാളം പ്രായോഗിക പാഠങ്ങൾ ഉണ്ട്. പരീക്ഷണത്തിനുവേണ്ടി ഒരുങ്ങുവാൻ, നാം ദൈവത്തിന്റെ വചനം പഠിക്കുകയും, മനപ്പാഠമാക്കുകയും ചെയ്യേണ്ടതാണെന്ന്, ആ സംഭവം ഊന്നൽ നൽകുന്നു. കൂടാതെ അത് യാക്കൊബ് 4:7–ലെ സത്യവും വെളിപ്പെടുത്തുന്നു: "പിശാചിനോട് എതിർത്തു നിൽക്കുക എന്നാൽ അവൻ നിങ്ങളെ വിട്ടുപോകും." ഏറ്റവും വില യേറിയ ഒരു സന്ദേശമെന്തെന്നാൽ, നാം പരീക്ഷണത്തിനു ഇരയാകു മ്പോൾ, യേശു അത് മനസ്സിലാക്കി നമ്മോടു സഹതാപം കാണിക്കുന്നു. എബ്രായ ലേഖകൻ പറയുന്നു,

> നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല, പാപമൊഴികെ, സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്. അതുകൊണ്ടു കരുണലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപി പ്പാനുമായി, നാം ധൈര്യത്തോടെ കൃപാസനത്തിന്ന് അടുത്തുചെല്ലുക (എബ്രായർ 4:15, 16).

ദൈവസഹായത്തോടെ, നമുക്കും, സാത്താനെ[14] ജയിക്കുവാൻ, കഴിയും!

### പ്രസംഗകുറിപ്പുകൾ

ഒരു ദൃശ്യസഹായമെന്ന നിലയിൽ ''യേശുവിന്റെ പരീക്ഷണം'' എന്നതിനെ കുറിച്ചുള്ള ഒരു ചാർട്ട് നിങ്ങൾക്കു വേണമെങ്കിൽ ഉപയോ ഗിക്കാം. നിങ്ങൾക്ക് ബ്ലാക്ബോർഡിൽ മരുഭൂമിയിൽ സാത്താൻ നമ്മുടെ കർത്താവുമായി ഏറ്റുമുട്ടിയതിനെ വരച്ചുകൊണ്ടു അതു ചിത്രീകരിക്കാം.

ഇടതുവശത്തെ വരി സാത്താന്റെ പരീക്ഷണത്തെ പ്രതിനിധീകരി ക്കുന്നതായി പറയാം. വലതുവശത്തെ വരി യേശുവിന്റെ പ്രതികരണത്തെ കാണിക്കുന്നതായി പറയാം. പാഠത്തിന്റെ അവസാനമെത്തുമ്പോൾ, "വിജയി!" എന്ന് യേശുവിനെ ചൂണ്ടി എഴുതിയ വാക്കുകൾ കൊണ്ട്, ഞാൻ ബോർഡിന്റെ മുകളിലുള്ള ഭാഗങ്ങൾ മാറ്റും. ഈ ദൃശ്യാവതരണം ഒരു പ്രൊജക്ടറുമായി ഉപയോഗിക്കാം. ഒരു കാർഡ് ബോർഡിലോ വലിയ ഒരു പേപ്പറിലോ ബോർഡിലോ കൂടി അതു പകർത്താം.

വിദ്യാർത്ഥികളെ, പ്രത്യേകിച്ച് ചെറുപ്പക്കാരെ, രസിപ്പിക്കുവാൻ തക്കതാണ് പിശാചിന്റെ അസ്ഥികൂടവും വാലും. ഭാഗങ്ങൾ ചേർത്തു വെച്ചുണ്ടാക്കിയ എന്റെ ചിത്രീകരണം മാറ്റങ്ങൾ വരുത്താവുന്ന രീതി യിലുള്ളതാണ് (ആണി ഉപയോഗിച്ച്), അതിനാൽ അവസാനം, അടുത്ത പേജിൽ കാണിച്ചിരിക്കുന്ന പടം പോലെ, പിശാചിനെ പരാജിതനായി കാണുന്ന രീതിയിൽ ആക്കാം. തീർച്ചയായും, സാത്താൻ അസ്ഥികളോടും, നീണ്ട വാലോടുംകൂടെയല്ല നമ്മുടെ മുന്നിൽ വരുന്നത്. സാത്താനെ ചിത്രീകരിച്ചു കാണിക്കുവാൻ അത്തരം ഒന്നല്ല നിങ്ങൾ ഉപയോഗി ക്കുന്നതെങ്കിൽ, നിങ്ങൾക്ക് ഇരുണ്ട, അവ്യക്തമായ മറ്റൊരു രൂപം എടുക്കാം.

നിങ്ങളുടെ പ്രദേശത്തിന് അനുയോജ്യമാണെങ്കിൽ, നിങ്ങൾക്ക് ഈ പാഠത്തെ "ക്രിസ്തുവിന് എതിരാണ് പിശാച്" എന്നു വിളിക്കുകയും ഒരു ബോക്സിങ് മത്സരത്തിന്റെ പടത്തെ താരതമ്യപ്പെടുത്തുന്നതിന്, ഇങ്ങനെയുള്ള മുഖവുര നൽകി ഉപയോഗിക്കാം: "എന്നെ സംബന്ധിച്ച് ഇതൊരു ബോക്സിങ് മത്സരം പോലെയാണ് എല്ലായ്പ്പോഴും: 'ക്രിസ്തുവിന് എതിരാണ് സാത്താൻ.' പിശാച് കൈചുരുട്ടി ഒരു ഇടി കൊടുക്കുന്നു, യേശു അതിനെ തടുത്ത് മറ്റൊന്നു നൽകുന്നു. പിന്നെ പിശാച് രണ്ടാമത്തെ ഇടി നൽകുന്നു, അങ്ങനെ പോകുന്നു. പരമ്പരാഗതമായി ബോക്സർമാർ ധരിക്കുന്ന വെള്ളയും കറുപ്പുമായ ആവരണം പോലും 'നന്മക്ക് എതിരാണ് തിന്മ' എന്ന സൂചന കാണിക്കുന്നത്, അനുയോജ്യമായി തോന്നും. അതിന്റെ ആത്മീയ പ്രാധാന്യത്തിനുപുറമെ, ഒരു ചാമ്പ്യൻഷിപ്പു മത്സരത്തിന്റെ എല്ലാ ആഹ്ലാദവും ആ കൂടിക്കാഴ്ച്ചക്കുണ്ട്, വാസ്തവത്തിൽ അത് അങ്ങനെ തന്നെയാണ്."

---

കുറിപ്പുകൾ


[1]ഈ പ്രസംഗത്തിനുവേണ്ട അധികഭാഗവും *ദ ക്രൈസസ് ഓഫ് ദ ക്രൈസ്റ്റ്*, എന്ന ജി. കാമ്പെൽ മോർഗന്റെ പരീക്ഷണത്തെ കുറിച്ചുള്ള മൂന്നു അദ്ധ്യായങ്ങ ളിൽ നിന്നാണ് എടുത്തിരിക്കുന്നത് (ന്യൂയോർക്ക്: ഫ്ളെമിങ്ങ് എച്ച്. റെവെൽ കമ്പനി., 1936), 162–99. [2]പരീക്ഷണത്തെ കുറിച്ചു കൂടുതൽ അറിയുവാൻ, "അടുത്തിരിക്കുന്നു" എന്ന പാഠം നോക്കുക. [3]മർക്കൊസ് 1:13 നമ്മോടു പറയുന്നത് യേശുവിന്റെ കൂട്ടുകാർ "വന്യ മൃഗ ങ്ങൾ" മാത്രം ആയിരുന്നു എന്നാണ്. [4]ആ മരുഭൂമി എവിടെയായിരുന്നു എന്നു നമ്മോട് പറയുന്നില്ല. അതു ഒരുപക്ഷെ യോഹന്നാൻ തയ്യാറെടുത്തതും അധികം പ്രവർത്തിച്ചതുമായ, യെഹൂദ്യ മരുഭൂമി ആയിരിക്കാം (മത്തായി 3:1, 3; 11:7; ലൂക്കൊസ് 1:80; 3:1, 2). ഇതിനെ സംബന്ധിച്ച പടം നോക്കുക. [5]ആധുനിക കാലത്ത്, ചില വ്യക്തികൾക്ക് വെള്ളമുണ്ടെങ്കിൽ അതുവെച്ച് നാല്പതു ദിവസം കഴിയാമെന്ന് തെളിയിച്ചിട്ടുണ്ട്. [6]പരീക്ഷണങ്ങളെ കുറിച്ചുള്ള പഠനത്തിലുള്ള ഒരു ഗുണം കാണാവുന്നത് അവയെ ഓരോന്നിനെയും തരംതിരിച്ചു മനസിലാക്കുവാൻ ശ്രമിക്കുന്നതിലാണ്: *എന്തുകൊണ്ട്* അതു തെറ്റായിരുന്നു എന്നും എങ്ങനെ ക്രിസ്തു അതിനെ അഭിമുഖീകരിച്ചു എന്നും. ചിലർ വിചാരിക്കുന്നത് അവയുടെ ഉറവം കൊണ്ടു മാത്രം സാത്താന്റെ നിർദ്ദേശങ്ങൾ തെറ്റായിരുന്നു എന്നാണ്, അതുകൊണ്ട് അവർ അതിനു വലിയ പരിഗണന നൽകുന്നില്ല. സാത്താൻ കൊമ്പും വാലുമായി ഒരു ചുവന്ന ഷർട്ടു ധരിച്ചുകൊണ്ടു വന്നാൽ, നമുക്ക് അധികം ചിന്തിക്കേണ്ടി വരികയില്ല. പിന്നെ നമുക്ക് അവന്റെ പരീക്ഷണത്തിനെതിരെ പ്രതികരിക്കാം, ''അതു സാത്താനിൽ നിന്നുള്ളതായതുകൊണ്ട് അതു തെറ്റാണ്." നിർഭാഗ്യവശാൽ, അവനു നമ്മുടെയടുത്ത് "വെളിച്ച ദൂതന്റെ വേഷത്തിൽ" വരുവാൻ കഴിയും (2 കൊരിന്ത്യർ 11:14). ഒരു പ്രത്യേക പരീക്ഷണം *എന്തുകൊണ്ട്* തെറ്റാകുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയു ന്നില്ലെങ്കിൽ, അവനു നമ്മെ എളുപ്പത്തിൽ വഞ്ചിക്കാൻ സാധിക്കും. [7]ഇത്തരം വചനത്തെ ദുർവിനിയോഗിക്കുന്ന ചില ഉദാഹരണങ്ങൾ നിങ്ങൾക്ക് വേണമെങ്കിൽ നൽകാം. [8]ലിവിങ്ങ് ബൈബിളിൽ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നത് "നിന്റെ ദൈവമായ കർത്താവിനെ മൗഢ്യമായി പരിശോധിക്കരുത് എന്നും എഴുതിയിരിക്കുന്നു!" [9]പാരമ്പര്യം പറയുന്നത് ആ പരീക്ഷണത്തിനുള്ള സ്ഥലം താബോർ മലയായിരുന്നു എന്നാണ് (ഈ പുസ്തകത്തിൽ വരുന്ന "ക്രിസ്തുവിന്റെ കാലത്തെ പാലസ്തീൻ," എന്ന ചിത്രം

നോക്കുക), എന്നാൽ തിരുവെഴുത്തിൽ അതു ഏതു മലയായിരുന്നു എന്നു പറഞ്ഞിട്ടില്ല. [10]ഇവിടെ പറയുന്ന പരീക്ഷണത്തിൽ കള്ളത്തരം ഉള്ളതായി ചിലർ വിശ്വസിക്കുന്നുണ്ട്: "തനിക്കു നല്കുവാൻ കഴിയാത്തതാണ് സാത്താൻ വാഗ്ദാനം ചെയ്തത്." അത്തരം പരീക്ഷണങ്ങൾ നിങ്ങളിലോ എന്നിലോ പ്രാവർത്തിക മായേക്കാം – പക്ഷെ യേശുവിൽ അതു ഉറപ്പായും നടക്കുകയില്ല, കാരണം അവനു ആത്മിയലോകത്തെ കുറിച്ചു നല്ല അറിവുണ്ട്.


[11]അതുപോലെയുള്ള ഒരു പ്രയോഗം പൗലൊസ് 2 കൊരിന്ത്യർ 4:4–ൽ നടത്തുന്നുണ്ട്. ദൈവത്തിനാണ് *പരമാവധി* നിയന്ത്രണവും ഉള്ളത് എന്നും എന്തെങ്കിലും അധികാരം സാത്താനുണ്ടെങ്കിൽ അതു ദൈവത്തിൽ നിന്നു *അനുവദിച്ച*താണെന്നും മനസ്സിലാക്കേണ്ടതാണ്. പിശാചിന്റെ പ്രവൃത്തികളെ ദൈവം പരിമിതപ്പെടുത്തും – എന്നാൽ അതിനെ കുറിച്ചുള്ള ചർച്ച ഈ പാഠത്തിന്റെ പരിധിക്കപ്പുറമായിരിക്കും. (ആ വിഷയത്തെ കുറിച്ചു കൂടുതൽ അറിയുവാൻ, ഇയ്യോബിന്റെ പുസ്തകത്തിലെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ വായിക്കുക.) ആ നിമിഷം, മൂന്നാമത്തെ പരീക്ഷണം ഒരു യഥാർത്ഥ പരീക്ഷ ണമായിരുന്നു എന്നു മാത്രം വായനക്കാർ അറിഞ്ഞിരിക്കുക. [12]യേശു ക്രൂശിൽ മരിച്ചില്ലായിരുന്നുവെങ്കിൽ നിങ്ങളും ഞാനും രക്ഷിക്കപ്പെടുമായിരുന്നില്ല എന്നു നാം മനസിലാക്കുന്നു (എബ്രായർ 9:22; എഫെസ്യർ 1:7) – എന്നാൽ അതിനെ തുടർന്ന്, പിശാച് ക്രിസ്തുവിനോടു പറഞ്ഞത്, മറ്റുള്ളവരെ മറന്ന് തന്നെക്കുറിച്ചു മാത്രം ചിന്തിക്കുവാനാണ് (അതു, സാത്താൻ, ചെയ്തതു പോലെ). ക്രിസ്തു രാജാവായി ജനിച്ചവനാണ്, എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ എല്ലാം ആദരവ് അവനു നൽകാമെന്ന് സാത്താൻ ഉറപ്പു നൽകി. [13]ടിൻസെൽ എന്നതു പ്രത്യേക സന്ദർഭങ്ങൾ അലങ്കരിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്ന വില കുറഞ്ഞ, തിളക്കമുള്ള ഒന്നാണ്. അതിനു ശേഷം, അതു കളയുകയുമാണ് പതിവ്. [14]ഈ പ്രസംഗം നിങ്ങൾ ഉപയോഗിക്കുമ്പോൾ പറയേണ്ടത്, നിങ്ങൾക്ക് ദൈവ സഹായം വേണമെന്നുണ്ടെങ്കിൽ അവനുമായി നിങ്ങൾക്ക് ശരിയായ ബന്ധം ഉണ്ടാകണം എന്നാണ്. ആദ്യം, ഒരാൾ വിശ്വാസത്താലും അനുസരണത്താലും ദൈവപൈതലായി തീരണം (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38). പിന്നെ ആ വ്യക്തി ദൈവവുമായുള്ള ശരിയായ ബന്ധത്തിൽ തന്നെ *ജീവിക്കണം*. "പിശാചിനോടു എതിർക്കുന്നതിനു" മുൻപു, നാം ആദ്യം "ദൈവത്തിനു. ... കീഴ്പ്പെടണം" എന്നു യാക്കൊബ് 4:7 സൂചിപ്പിക്കുന്നു.

## യേശുവിന്റെ പരീക്ഷണം


**മത്തായി 4:1-11**








“നീ ദൈവപുത്രനാണെങ്കിൽ ഈ കല്ല് അപ്പമാകുവാൻ കല്പിക്ക” (വാ.3).




‘‘മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകലവചനങ്ങൾകൊണ്ടുംജീവി ക്കുന്നു” (വാ.4).





“നീ ദൈവപുത്രനെങ്കിൽ താഴോട്ടു ചാടുക എന്നെഴുതിയിരിക്കുന്നുവല്ലോ” (വാ.6).

| ആശ്രയം | എതിര്. | പരീക്ഷ |
|---|---|---|

“നേരെ മറിച്ച്, നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും എഴുതിയിരിക്കുന്നുവല്ലോ” (വാ.7).




‘‘നീ എന്നെ വീണു നമസ്ക്കരിച്ചാൽ, ഇതൊക്കെയും ഞാൻ നിനക്കു തരാം” (വാ.9).




“സാത്താനേ, എന്നെ വിട്ടു പോക, നിന്റെ ദൈവമായ കർത്താവിനെ മാത്രമെ നമസ്ക്കരിച്ചു, സേവി ക്കാവു എന്നെഴുതിയിരിക്കുന്നു” (വാ.10).

(അവതരണത്തിന്റെ മുകളിൽ ഇങ്ങനെ കാണിക്കുക)

